REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-07-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ത്രിരാഷ്ട്ര പര്യടനം ആരംഭിച്ചു.
- ബ്രിക്സ് വനിതാതല പ്രവർത്തക സമിതി യോഗത്തിന് കൊച്ചിയിൽ തുടക്കം.
- PSC ക്രമക്കേട് ഗവൺമെന്റ് പരിശോധിക്കുമെന്ന് മന്ത്രി രമേശ് ചെന്നിത്തല.
- സംസ്ഥാനത്ത് നാല് ലക്ഷത്തോളം വിദ്യാർഥികൾ ഹയർ സെക്കൻഡറി പ്രവേശനം നേടിയതായി മന്ത്രി N ഷംസുദീൻ.
- സ്വകാര്യബസ് വ്യവസായ മേഖലയുടെ നഷ്ടം പഠിക്കാൻ കമ്മിറ്റിയെ നിയോഗിക്കുമെന്ന് മന്ത്രി CP ജോൺ.
- ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ടും നോർവെയും ക്വാർട്ടറിൽ.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ വിദേശ പര്യടനം ആരംഭിച്ചു. ഇൻഡൊനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിലെ പര്യടനം സ്വതന്ത്രവും തുറന്നതുമായ ഇന്തോ-പെസഫിക് മേഖലയെന്ന പ്രതിബദ്ധത ശക്തിപ്പെടുത്തുമെന്ന് നരേന്ദ്രമോദി പറഞ്ഞു. സന്ദർശനത്തിന്റെ ആദ്യ ദിവസമായ ഇന്ന്, പ്രധാനമന്ത്രി ഇൻഡൊനേഷ്യയിലെത്തും.

2018 ലെ ആദ്യ ഇൻഡൊനേഷ്യ സന്ദർശന വേളയിൽ, രണ്ട് രാജ്യങ്ങളുടെയും ഉഭയകക്ഷി ബന്ധവും പരസ്പര പങ്കാളിത്തവും ശക്തിപ്പെടുത്താൻ സഹായിച്ചെന്നും, കഴിഞ്ഞ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ

മുഖ്യാതിഥിയായിരുന്ന ഇൻഡൊനേഷ്യൻ പ്രസിഡന്റിന്റെ സന്ദർശനത്തിന് ശേഷം, ബന്ധം കൂടുതൽ ശക്തിപ്പെട്ടതായും നരേന്ദ്ര മോദി വ്യക്തമാക്കി.

ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനിസിന്റെ ക്ഷണപ്രകാരം മെൽബണിലേക്ക് പോകുമെന്നും  സന്ദർശനം ഇന്ത്യാ ഓസ്ട്രേലിയ സമഗ്ര തന്ത്രപര പങ്കാളിത്തത്തെ ശക്തിപ്പെടുത്തുമെന്നും നരേന്ദ്രമോദി പ്രതിരോധം, സുരക്ഷാ, വ്യാപാരം, നിക്ഷേപം വിദ്യാഭ്യാസ മൊബിലിറ്റി എന്നീ മേഖലകളിലെ ബന്ധം മുന്നോട്ട് കൊണ്ടുപോകാനും സന്ദർശനം സഹായിക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

മെൽബണിൽ ഇന്ത്യൻ പ്രവാസികളുമായി നരേന്ദ്രമോദി സംവദിക്കും. മെൽബണിൽ നിന്ന് പ്രധാനമന്ത്രി ന്യൂസിലാന്റിലേക്കാണ് യാത്ര തിരിക്കുക. ന്യൂസിലാന്റ് പ്രധാനമന്ത്രി റിച്ചാർഡ് ക്രിസ്റ്റഫർ ലക്സന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. 2025 ൽ ലക്സൺ ഇന്ത്യ സന്ദർശിച്ചിരുന്നു.  സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവെച്ചതോടെ ഉഭയകക്ഷി വാണിജ്യ ബന്ധങ്ങൾ  ശക്തിപ്പെടുത്താൻ ഇന്ത്യയും ന്യൂസിലാന്റും പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യൻ പ്രവാസികളുമായും നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തും.

✪✪✪

ബ്രിക്സ് വനിതാതല പ്രവർത്തക സമിതി യോഗത്തിന് കൊച്ചിയിൽ തുടക്കമായി. ഹോട്ടൽ ഗ്രാൻഡ് ഹയാത്തിൽ ആണ് നാലു ദിവസത്തെ പരിപാടി. ഇന്നും നാളെയും വനിതാതല പ്രവർത്തക സമിതി യോഗവും ബുധൻ, വ്യാഴം ദിവസങ്ങളിൽ വനിതാ മന്ത്രിതല യോഗവുമാണ്. വനിതാ ശിശുവികസന മന്ത്രാലയം ആണ്  യോഗം സംഘടിപ്പിക്കുന്നത്.

കൊച്ചിയിൽ നിന്ന് P നഹീമ...

......വോയിസ്.....

രാവിലെ വനിതാ ശിശുവികസന മന്ത്രാലയം സെക്രട്ടറി അനിൽ മാലിക് വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളെ സ്വാഗതം ചെയ്തു. തുടർന്ന് പ്രതിനിധികളുടെ പരിചയപ്പെടുത്താലും സംയുക്ത പ്രസ്താവനയുടെ കരട് സംബന്ധിച്ച ചർച്ചയും നടന്നു.

'പ്രതിരോധശേഷി, നൂതനാശയങ്ങൾ, സഹകരണം, സുസ്ഥിരത എന്നിവ കെട്ടിപ്പടുക്കുക' എന്ന പ്രമേയത്തിലാണ് പരിപാടി നടക്കുന്നത്.ഇന്ത്യ ഉൾപ്പെടെ 11 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ആണ് യോഗങ്ങളിൽ പങ്കെടുക്കുന്നത്.

നേതൃത്വം, ഭരണം, സാമ്പത്തിക, ഡിജിറ്റൽ ഉൾപ്പെടുത്തൽ, കാലാവസ്ഥാ പ്രവർത്തനം എന്നിവയിൽ അംഗരാജ്യങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമിടുന്നത്. ഭരണത്തിലും നേതൃത്വത്തിലും സ്ത്രീ പങ്കാളിത്തം; ഡിജിറ്റൽ-സാമ്പത്തിക രംഗങ്ങളിലെ സ്ത്രീ പങ്കാളിത്തം; വനിതാ സംരംഭകത്വവും നൈപുണ്യ വികസനവും; കാലാവസ്ഥാ വെല്ലുവിളികൾ ചെറുക്കുന്നതിലും ഭക്ഷ്യസുരക്ഷയിലും പോഷകാഹാരത്തിലും സ്ത്രീകളുടെ പങ്ക് എന്നിവയാണ് മുൻഗണനാ മേഖലകൾ.

✪✪✪

രാജ്യത്തെ വാഹന വ്യവസായം ജൂണിൽ ഇതുവരെ രേഖപ്പെടുത്തിയതിൽവെച്ച് ഏറ്റവും മികച്ച പ്രകടനമാണ് കാഴ്ചവെച്ചതെന്ന് ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്‌സ് അസോസിയേഷന്റെ റിപ്പോർട്ട്. വാർഷിക അടിസ്ഥാനത്തിൽ 21.8 ശതമാനം വളർച്ചയും മെയ് മാസത്തേക്കാൾ 1.03 ശതമാനം വളർച്ചയുമാണ് രേഖപ്പെടുത്തിയത്.

യാത്രാ വാഹനങ്ങളുടെ ചില്ലറ വില്പനയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 28.63 ശതമാനവും ജൂണിൽ 2.5 ശതമാനം വർദ്ധനയുമാണ് രേഖപ്പെടുത്തിയത്.

✪✪✪

PSC ക്രമക്കേട് ഗവൺമെന്റ്  പരിശോധിക്കുമെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.  ഇക്കാര്യത്തിൽ മന്ത്രി സഭ ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്നും PSC-യുടെ വിശ്വാസ്യത തകർക്കാൻ ആരെയും അനുവദിക്കില്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് നാല് ലക്ഷത്തോളം വിദ്യാർഥികൾ ഹയർ സെക്കൻഡറി പ്രവേശനം നേടിയതായി മന്ത്രി N ഷംസുദീൻ അറിയിച്ചു. പ്ലസ് വൺ പ്രവേശനോത്സവത്തിന്റെ സംസ്ഥാന തല പരിപാടി കോഴിക്കോട് തലക്കുളത്തൂർ CMM HSS ൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാർഥികൾ സ്വന്തം കഴിവുകളെ കുറിച്ച് സ്വയം വിലയിരുത്തണമെന്നും ശാസ്ത്ര സാങ്കേതിക രംഗത്തെ മാറ്റങ്ങൾ ഉൾകൊണ്ട് ലോക നിലവാരത്തിൽ മത്സരത്തിന് സജ്ജരാകണമെന്നും മന്ത്രി നിർദേശിച്ചു. വിദ്യാഭ്യാസ മേഖലയിൽ പുതുയുഗ മാറ്റങ്ങൾ സംസ്ഥാന ഗവൺമെന്റ് കൊണ്ടുവരുമെന്നും ഷംസുദീൻ പറഞ്ഞു. ചടങ്ങിൽ MK രാഘവൻ MP മുഖ്യാതിഥിയായി പ്ലസ് വൺ പ്രവേശനം നേടിയ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമായി 'ടീമാകാം പുതുയുഗ സ്വപ്നങ്ങൾക്കായി' എന്ന പേരിൽ ക്ലാസുകളും സംഘടിപ്പിച്ചു.

✪✪✪

രാത്രി വൈദ്യുതി സംഭരിച്ചു വെക്കാനായി സംസ്ഥാനത്ത് ബാറ്ററി സ്റ്റോറേജ് സിസ്റ്റം കൊണ്ടുവരുമെന്ന് മന്ത്രി സണ്ണി ജോസഫ് പറഞ്ഞു. വൈദ്യുതി മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുമെന്നും 'എൽനിനോ പ്രതിഭാസം' കാരണം രാജ്യത്താകമാനം വൈദ്യുതി ലഭ്യത കുറഞ്ഞെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

എന്റെ ക്ഷയരോഗ മുക്ത കേരളം' പദ്ധതിയുടെ ഭാഗമായി 2025-ലെ മികച്ച ക്ഷയരോഗമുക്ത പഞ്ചായത്തുകൾക്ക് നിയസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പുരസ്കാരം കോട്ടയത്ത് വിതരണം ചെയ്തു. തദ്ദേശ ഭരണ സ്ഥാപന പ്രതിനിധികൾക്ക് ക്ഷയരോഗ ബോധവൽക്കരണ പരിപാടിയും സ്പീക്കർ ഉദ്ഘാടനം ചെയ്തു.

✪✪✪

നെന്മാറ ഇരട്ടക്കൊലക്കേസിൽ പാലക്കാട് അഡീഷണൽ ജില്ലാ സെഷൻസ് കോടതി വിധി പറയുന്നത് ജൂലൈ 13 ലേക്ക് മാറ്റി. ചെന്താമര പ്രതിയായ രണ്ടാമത്തെ കൊലക്കേസാണിത്.

✪✪✪

നെന്മാറ ഇരട്ടക്കൊലക്കേസിൽ പാലക്കാട് അഡീഷണൽ ജില്ലാ സെഷൻസ് കോടതി വിധി പറയുന്നത് ജൂലൈ 13 ലേക്ക് മാറ്റി. ചെന്താമര പ്രതിയായ രണ്ടാമത്തെ കൊലക്കേസാണിത്.

✪✪✪

പാർട്ടിക്കുള്ളിൽ പറയേണ്ട കാര്യങ്ങൾ പരസ്യമായി പറയുന്നതിനോട് യോജിപ്പില്ലെന്ന് KPCC പ്രസിഡന്റ് കൂടിയായ മന്ത്രി സണ്ണി ജോസഫ് പറഞ്ഞു.

ജില്ലാ കോൺഗ്രസ് കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം എന്നാണ് അഭിപ്രായമെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

MV ഗോവിന്ദൻ CPIM സംസ്ഥാന സെക്രട്ടറിയായിരിക്കാൻ യോഗ്യനല്ലെന്ന് മുൻ CPIM നേതാവും MLA യുമായ G സുധാകരൻ പറഞ്ഞു. 'വർഗ്ഗ വഞ്ചകൻ' എന്ന പദത്തിന്റെ അർത്ഥം അറിയാത്ത ഗോവിന്ദനെ പാർട്ടി പുറത്താക്കണമെന്നും സുധാകരൻ ആലപ്പുഴയിൽ ആവശ്യപ്പെട്ടു. സൈദ്ധാന്തികമായും പ്രായോഗികമായും MV ഗോവിന്ദനാണ് വർഗ്ഗ വഞ്ചകനെന്നും സുധാകരൻ ആരോപിച്ചു.

✪✪✪

PSC യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. ആസൂത്രണ ബോർഡിലെ പരീക്ഷാ ക്രമക്കേട്, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ പരീക്ഷ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ യോഗത്തിൽ ചർച്ചയായേക്കും.

✪✪✪

KSRTC യുടെ വനിതാ സൗജന്യ യാത്ര കാരണം സ്വകാര്യബസ് വ്യവസായ മേഖലക്കുണ്ടായ നഷ്ടം പഠിക്കാൻ കമ്മിറ്റിയെ നിയോഗിക്കുമെന്ന് മന്ത്രി CP ജോൺ അറിയിച്ചു. സംസ്ഥാനത്തെ നിക്ഷേപകർ എന്ന രീതിയിലാണ് ബസ്സുടമകളെ ഗവൺമെന്റ് കാണുന്നതെന്നും, വിദ്യാർഥികളുടെ യാത്രാ സൗജന്യ നിരക്കിനെക്കുറിച്ച് ചർച്ചായാകാം എന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് മഴ കനക്കുന്നു. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, കോട്ടയം ജില്ലകളിൽ  മഞ്ഞ ജാഗ്രതയാണ്. കേരളാ- കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

മഴക്കാലത്ത് ശുദ്ധമായ ഭക്ഷണം ഉറപ്പാക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് പാലക്കാട് ജില്ലയിൽ പരിശോധന ഊർജ്ജിതമാക്കി. 109 സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കി.

പാലക്കാട് നിന്ന് ഫൈസൽ അലിമുത്ത് ....

........വോയിസ്......

ഓപ്പറേഷൻ മൺസൂണിന്റെ ഭാഗമായി ഒരു മാസത്തിനുള്ളിൽ 850തോളം സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയത്. വൃത്തിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അരലക്ഷം രൂപയിലധികം പിഴ ഈടാക്കി.ഷിഗല്ല ബക്റ്റീരിയ വ്യാപനം തടയുന്നതിന് ഭക്ഷ്യ സംരംഭങ്ങൾ പ്രതേക ശ്രദ്ധ പുലർത്തണമെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് അധികൃതർ നിർദ്ദേശം നൽകി. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ മെക്സിക്കോയെ തകർത്ത് ഇംഗ്ലണ്ടും ബ്രസീലിനെ തകർത്ത് നോർവെയും ക്വാർട്ടറിലെത്തി.

നാളെ രാത്രി 12.30ന് പോർച്ചുഗൽ സ്പെയിനിനെ നേരിടും. പുലർച്ചെ അഞ്ചരക്ക് മറ്റൊരു മത്സരത്തിൽ അമേരിക്ക ബെൽജിയവുമായി ഏറ്റുമുട്ടും.

✪✪✪

ബ്രസീലിന്റെ മുതിർന്ന കളിക്കാരൻ നെയ്മർ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. ആറാം ലോകകപ്പ് കിരീടമെന്ന ബ്രസീലിന്റെ പ്രതീക്ഷകൾ അവസാനിച്ചതിനു തൊട്ടുപിന്നാലെയാണ് 34 കാരനായ നെയ്മർ അന്താരാഷ്ട്ര കരിയറിന് തിരശ്ശീല വീഴ്ത്തുന്നത്.

✪✪✪

സിക്കിം പർവതാരോഹക ഷെറിങ് ചോദൻ യൂറോപ്പിലെ ഏറ്റവും ഉയർന്ന കൊടുമുടിയായ റഷ്യയിലെ എൽബ്രസ് വിജയകരമായി കീഴടക്കി. ഇന്നലെ പ്രാദേശിക സമയം രാവിലെ 7:30 ഓടെയാണ് അവർ കൊടുമുടിയുടെ നെറുകയിലെത്തിയത്.

ലോകത്തിലെ ഏഴ് ഭൂഖണ്ഡങ്ങളിലെയും ഏറ്റവും ഉയർന്ന കൊടുമുടികൾ കീഴടക്കുക എന്ന പ്രശസ്തമായ 'സെവൻ സമ്മിറ്റ്സ്' ചലഞ്ചിലെ ഷെറിങ്ങിന്റെ രണ്ടാമത്തെ വിജയകരമായ മുന്നേറ്റമാണിത്. 2025 ഓഗസ്റ്റിൽ അവർ ആഫ്രിക്കയിലെ കിളിമഞ്ചാരോ കൊടുമുടി കീഴടക്കിയിരുന്നു.

✪✪✪

മൂന്ന് ദിവസത്തിനിടയിൽ ജമ്മു കശ്മീരിലെ അമർനാഥിൽ 56,000 ത്തിലധികം ഭക്തർ ദർശനത്തിനെത്തി. യാത്രയുടെ മൂന്നാം ദിവസമായ ഇന്നലെ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 24,000 ത്തിലധികം തീർത്ഥാടകരാണ് ഗുഹാക്ഷേത്രത്തിൽ പ്രണാമം അർപ്പിക്കാൻ എത്തിയത്.

✪✪✪

BJP കോഴിക്കോട് സിറ്റി ജില്ല പ്രവർത്തക സമ്മേളനം  വൈകീട്ട് മാരാർജി ഭവനിൽ ചേരും. ദേശീയ നിർവ്വാഹക സമിതി അംഗം PK കൃഷ്ണദാസ് ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അൻഷ കരീം*
*News Team: എ വി ഫർദിസ്, രജിന കെ*
*DEO : സി കെ സുബോധ്*